

ഫോട്ടോ : ബൈജു സി.ജി.

# മുരിയാട്: ചോറുണ്ണുന്നവരുടെ സമരം

ബൈജു സി.ജി.

ചോറിനെ ഭക്ഷണമാക്കുന്ന ഓരോ കേരളീയന്റെയും സ്വന്തമാണ് നെൽവയൽ സംരക്ഷണത്തിനായുള്ള കേരളത്തിലെ ഏതൊരു സമരവും. അതുകൊണ്ടുതന്നെയാണ് മുരിയാട് കർഷകസമരം ചുരുങ്ങിയ സമയത്തിനുള്ളിൽ വേലിപൊളിച്ച് കേരളം നിറഞ്ഞതും.

മുരിയാട് സമരത്തിന് നേതൃത്വം നൽകുന്ന വർഗ്ഗീസിന്റെ മേൽവിലാസവും യോഗ്യതയുമന്വേഷിച്ചുള്ള സംസ്ഥാന ഇന്റലിജൻസിന്റെ വരെ പരക്കംപാച്ചിൽ തീർത്തും അപഹസിക്കപ്പെടേണ്ടതാണ്. മുരിയാട് കടുംകൃഷി മേഖലയിൽ 16 പറ കൃഷി ചെയ്യുന്ന കർഷകനാണ് വർഗ്ഗീസ്. എന്നാൽ അയാളുടെ സമരനേതൃത്വവുമായി ഇക്കാര്യത്തെ ബന്ധിപ്പിക്കേണ്ട യാതൊരു കാര്യവുമില്ല.

സമരങ്ങൾ അന്വേഷണങ്ങൾ കൂടിയാണ്. അന്വേഷണത്തിന് അവസാനമില്ല. പുതിയ കാര്യങ്ങളുടെ കണ്ടെത്തലുകളും കൂട്ടിച്ചേർക്കലുകളും നടക്കുമ്പോൾ കൂടിയാണ് സമരങ്ങൾ ജീവസ്സുറ്റതാകുന്നത്. അതുകൊണ്ടുതന്നെ പൊതുസമൂഹത്തിന്റെ എക്കാലത്തെയും നിലനിൽപ്പിനും സുരക്ഷയ്ക്കും വേണ്ടികൂടിയൊക്കെയാക്കുന്ന ഒരു സമരത്തിന് കൃത്യമായ അതിരുകൾ വേണമെന്ന് ശഠിക്കുന്നതുംമറ്റും കള്ളക്കളികൾക്കിടെയുള്ള അവിവേകം മാത്രം. സമഗ്ര നെൽവയൽ സംരക്ഷണനിയമം മുരിയാട് സമരത്തിന്റെ മുൻ ആവശ്യങ്ങളിൽ പെടുന്ന ഒന്നല്ല എന്ന് പറയുമ്പോൾ - അത് പറയുന്നത് സമസ്ത കേരളത്തിന്റെ സുരക്ഷയുടെയും സമാധാനത്തിന്റെയും ജനാധിപത്യസ്വഭാവങ്ങളുടെയും ഒക്കെ കൂട്ടുത്തരവാദിത്വമുള്ള മന്ത്രിമാർ വരെയാകുമ്പോൾ ഓരോ സാധാരണ കേരളീയന്റെ മനസ്സും പ്രക്ഷുബ്ധമാക്കപ്പെടുന്നുണ്ടെങ്കിൽ അതിൽ അദ്ഭുതപ്പെടാനെന്തിരിക്കുന്നു.




കേരളം സമീപഭാവിയിൽ അഭിമുഖീകരിക്കാനിരിക്കുന്ന കുടിവെള്ള-ഭക്ഷ്യ പ്രതിസന്ധികൾ നമ്മുടെ ചൂടുപിടിച്ച ചർച്ചകളും മുറവിളികളുമായിട്ട് കാലമേറെയായി. പകർച്ചവ്യാധികളുടെ കേളിയാട്ടങ്ങളിൽ തളരുകയാണ് കേരളം. ഒന്നിനുമേൽ ഒന്നായി നമ്മുടെ സംസ്ഥാനം ഭൂദുർവിനിയോഗം മൂലം മാത്രം കുപ്പക്കൂനകളായി മാറിക്കൊണ്ടിരിക്കുന്നു. ഇതിനെല്ലാമിടയിലാണ് ഉത്തരവാദിത്തപ്പെട്ടവരുടെ സമഗ്ര നെൽവയൽ സംരക്ഷണനയം എന്ന് കേൾക്കുമ്പോഴുണ്ടാകുന്ന കുളിർപ്പനി. ഇവരെന്തുകൊണ്ടറിയുന്നില്ല തങ്ങൾ സ്വന്തം മുഖം കൂടുതൽ കൂടുതൽ ഭീഭൽസമാക്കിക്കൊണ്ടിരിക്കുകയാണെന്ന്?

കേരളത്തിലെ അഞ്ചാറുപേരുടെ കുന്നായ്മയാണീ സമരമെങ്കിൽ കേരളത്തിലെ അദ്ധ്വാനിക്കുന്നവരുടെ പേരിൽ അധികാരത്തിലേറിയ സാമൂഹ്യ നീതിരാഷ്ട്രീയത്തിന്റെ ഉടമകളേ നിങ്ങളിതിങ്ങനെ ഉറക്കെ അട്ടഹസിക്കേണ്ട കാര്യമില്ല. ഒരു സമരത്തെ വിലയിരുത്താൻ മാത്രമെങ്കിലും വിവേകം മലയാളിക്കിനിയും നഷ്ടപ്പെട്ടിട്ടില്ലെന്നേ!

കേരളത്തിന്റെ വിവിധ ജില്ലകളിൽ പ്രവർത്തിക്കുന്ന പണക്കിഴിക്കിലുക്കത്തിൽ ഞരമ്പുനൃത്തം തുടങ്ങിയിട്ടില്ലാത്ത സാംസ്കാരിക രാഷ്ട്രീയ പ്രവർത്തകരുടെ ഒരു പ്രസ്താവന ഏതാനും ദിവസം മുമ്പ് തൃശൂരിൽ നിന്നുമിറങ്ങിയിരുന്നു. നന്മ മുടിഞ്ഞിട്ടില്ലാത്ത മുഴുവൻ കേരളമനസുകളോടും മുരിയാട് കർഷകർക്ക് പിന്നിലണിനിരക്കാൻ അവർ ആഹ്വാനം ചെയ്തു. ഇവർ മാത്രമല്ല ജനാധിപത്യസ്വഭാവത്തിൽ കേരളത്തിൽ ഒരഭിപ്രായസർവ്വേ നടത്തിയാൽ സംശയിക്കേണ്ട 98% പേരും മുരിയാട് സമരത്തെ അനുകൂലിക്കുന്നവരായിരിക്കും. സമരത്തെ പ്രതിരോധിക്കുന്ന ശേഷിക്കുന്നവർ 500 കോടി രൂപയുടെ മണൽ കഴിഞ്ഞ ഏതാനും വർഷങ്ങൾക്കിടയിൽ മുരിയാടുനിന്ന് കടത്തിയിട്ടുണ്ടെന്നാണ്. അനൗദ്യോഗിക കണക്ക്. അതുപോലെ കളിമണ്ണും - ഈ കോടി സുഖങ്ങൾക്കിടയിലൂടെ കടന്നുപോയ/പോകുന്ന മഹായോഗ്യന്മാരല്ലാതെ മറ്റാരുമായിരിക്കില്ല.

*അക്ഷരം, ശ്രീദുർഗ്ഗ അപ്പാർട്ടുമെന്റ്, കാനാട്ടുകര, തൃശൂർ-11*